നം. KVASU/GA/B2/6431/2024(2) പൂക്കോട്, തീയതി, 22/04/2025

Approved By Michael Murali P (DEPUTY REGISTRAR) on 22/04/2025 03:25 PM
(The document is digitally approved and does not require any Seal or Signature in original)

## ക്വട്ടേഷൻ നോട്ടീസ്

സർവകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കാർഡ് തയ്യാറാക്കി സർവകലാശാല ഓഫീസിൽ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു. അച്ചടിച്ച് വാങ്ങാൻ ഉദ്ദേശിക്കുന്ന പെൻഷൻ കാർഡിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഏകദേശ എണ്ണം | സ്പെസിഫിക്കേഷൻ |
|---|---|---|---|
| 1 | പെൻഷൻ കാർഡ് | 200 | 1.Shape: Rectangle<br>2.Double Sided<br>3.Size: 8.5 cm നീളം x 5.39 cm വീതി ( എ.ടി.എം കാർഡ് രൂപത്തിൽ )<br>4.പെൻഷനറുടെ വിവരങ്ങൾ ലഭ്യമാകുന്ന ക്യു ആർ കോഡ്.<br>5.മെറ്റീരിയൽ:പി.വി.സി<br>6.കളർ : Dark Blue Glossy Finish |

ക്വട്ടേഷൻ കവറിന് പുറത്ത് "പെൻഷൻ കാർഡ് ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി രജിസ്ട്രാർ,കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി,പൂക്കോട്,വയനാട്-673576 എന്ന വിലാസത്തിൽ 05**/05/2025 വൈകീട്ട് 3** മണിക്ക് മുൻപായി സർവകലാശാല രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. സമയപരിതിക്കകം ലഭ്യമായ ക്വട്ടേഷനുകൾ അന്നേദിവസം 3.30 PM ന് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, ഹാജരുള്ള ക്വട്ടേഷനറെൻമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഏറ്റവും കുറവ് നിരക്ക്, ഗുണനിലവാരം എന്നിവ പരിശോധിച്ച് വർക് ഓർഡർ നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

1. പെൻഷൻ കാർഡ് നിർമിച്ചു നൽകുന്നതിന് ഒരെണ്ണത്തിന്റെ നിരക്ക് (ഡിസൈനിങ് ചാർജ് ഉൾപ്പെടെ) പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.

2. എല്ലാ നികുതികളും ഉൾപ്പടെയുളള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

3. ക്വട്ടേഷൻ നൽകേണ്ട ദിവസം അവിചാരിത അവധിയോ മറ്റ് സാങ്കേതിക കാരണങ്ങളാൽ ഓഫീസ് പ്രവൃത്തിക്കാത്തപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതെ സമയത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതും ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതുമാണ്.

4. യാതൊരുവിധ കാരണങ്ങളും കൂടാതെ ക്വട്ടേഷൻ നിരസിക്കുന്നതിന് സർവകലാശാലക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനും പെൻഷൻ കാർഡിന്റെ സാമ്പിൾ പരിശോധനയ്ക്കും ഓഫീസ് പ്രവൃത്തി സമയത്ത് സർവകലാശാല രജിസ്ട്രാറുടെ ഓഫീസുമായി

ബന്ധപ്പെടാവുന്നതാണ്.

6. സമയപരിധി കഴിഞ്ഞ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.

7. സർവകലാശാല ആവശ്യപെടുന്നതനുസരിച്ച പെൻഷൻ കാർഡുകൾ ലഭ്യമാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

8. പെൻഷൻ കാർഡ് മാതൃക ഇതോടൊപ്പം അടക്കം ചെയ്യുന്നു.

**മൈക്കിൾ മുരളി. പി**
**ഡെപ്യൂട്ടി രജിസ്ട്രാർ**
**രെജിസ്ട്രാർക്കു വേണ്ടി**

ഉള്ളടക്കം: പെൻഷൻ കാർഡ് മാതൃക

പകർപ്പ്: സർവകലാശാല നോട്ടീസ് ബോർഡ്/സർവകലാശാല വെബ്സൈറ്റ്

Approved By Michael Murali P (DEPUTY REGISTRAR) on 22/04/2025 03:25 PM
(The document is digitally approved and does not require any Seal or Signature in original)